(Pages : 4) **M – 6872**

Reg. No. : .............................

Name : .................................

## Third Semester M.A. Degree Examination, March 2022

## Malayalam Language and Literature

## ML 231 : സമകാലികസാഹിത്യം - ഗദ്യം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

gcwcentrallibrary.in

I. ഓരോ ചോദ്യത്തിനും രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) കരടി അച്ചാച്ചന്റെ തുരുത്ത് പ്രതീകാത്മകമായ ഒളിയിടമാണ്. - വിശദമാക്കുക.

അല്ലെങ്കിൽ

(b) 'സത്തിയം പലത്' ഖസാക്കിന്റെ ഇതിഹാസത്തിലെ ഈ പരാമർശത്തിന്റെ അർത്ഥവിവക്ഷകൾ പരിശോധിക്കുക.

2. (a) 'നിധിചാലസുഖമാ' എന്ന കഥയിലെ ജീവിതസമീപനമെന്ത്?

അല്ലെങ്കിൽ

(b) കുട്ടിക്കാലം മുതൽക്കേ പെൺകുട്ടിയിൽ രൂപപ്പെടുന്ന ശരീരത്തെക്കുറിച്ചുള്ള ഭീതിയാണ് സ്ത്രീയുടെ വ്യക്തിത്വവികാസത്തിന് തടസ്സമായി നിൽക്കുന്നത് - കല്യാണി എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

3. (a) ഒരു കഥാപാത്രമെന്നതിലുപരി ജീവിതശൈലിയുടെയും കാഴ്ചപ്പാടിന്റെയും പ്രതീകമാണ് പയ്യൻ - വിവരിക്കുക.

അല്ലെങ്കിൽ

(b) 'ജനിക്കാനിരിക്കുന്നവരും മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരേക്കാൾ പ്രായം കൂടിയവരാണ്' - സന്ദർഭം വിവരിക്കുക.

P.T.O.

4. (a) ഘരേ ബായിരേ എന്ന കഥയിൽ അവതരിപ്പിക്കപ്പെടുന്ന സദാചാര നിലപാടുകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) ദളിതനെ തിരസ്ക്കരിക്കുന്ന സവർണ്ണന്റെ ദൈവ നിയമങ്ങളെ തഴയുകയാണ് സി. അയ്യപ്പൻ - 'കാവൽ ഭൂതം' എന്ന കഥ ഈ പ്രസ്താവനയെ സാധൂകരിക്കുന്നുണ്ടോ?

5. (a) ആയുസ്സിന്റെ പുസ്തകം എന്ന നോവൽ ഏറെ ശ്രദ്ധിക്കപ്പെട്ടത് ബൈബിളിന്റെ സ്വാധീനമുള്ള അതിലെ ആഖ്യാനശൈലിയുടേയും ഭാഷയുടേയും പേരിലാണ് - ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) രാമന്റെ രാജധർമ്മത്തെക്കുറിച്ചുള്ള അംഗദന്റെ കാഴ്ചപ്പാടുകൾ സംഗ്രഹിക്കുക.

6. (a) കുടുക്ക വിശക്കുന്നവന്റെ വേദാന്തമാകുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ലേബർ റൂമിലെ സ്ത്രീ 3-ന്റെ കഥാപാത്രസ്വഭാവം വ്യക്തമാക്കുക.

7. (a) രവീന്ദ്രൻ എഴുതിയ യാത്രാനുഭവങ്ങൾക്ക് ഏറെ പുതുമയുണ്ട്: വിശദമാക്കുക.

അല്ലെങ്കിൽ

(b) ഡോ. വേലുക്കുട്ടി അരയനെന്ന കൃതിയെ മുൻനിർത്തി ജീവചരിത്രത്തിന്റെ സവിശേഷതകൾ വിവരിക്കുക.

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) വി.പി. ശിവകുമാറിന്റെ കഥകളുടെ പൊതുസ്വഭാവം വിലയിരുത്തുക.

അല്ലെങ്കിൽ

(b) കൃഷ്ണഗാഥ എന്ന കഥയുടെ സമകാലിക പ്രാധാന്യം വിശദമാക്കുക.

9. (a) കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ എന്ന വിശേഷണം വി.കെ.എൻ. കഥാപാത്രങ്ങൾക്ക് എത്രത്തോളം ഇണങ്ങുന്നു എന്ന് 'ആരോഹണ'ത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഉത്തരാധുനിക മലയാള നോവലുകളുടെ സവിശേഷതകൾ സാമാന്യമായി വിലയിരുത്തുക.

10. (a) 'അശ്ലീലം വരുത്തിവെച്ച വിന'യിൽ ലോലഹൃദയർക്കുവേണ്ടി കഥാകൃത്ത് രൂപപ്പെടുത്തിയ കഥാസന്ദർഭമെന്ത്?

അല്ലെങ്കിൽ

(b) മുണ്ഡനം ചെയ്യപ്പെട്ട ഒരു ജീവിതം സവിശേഷമായ രാഷ്ട്രീയ സാഹചര്യത്തെ അടയാളപ്പെടുത്തുന്നുണ്ട്. - ശരിയോ?

11. (a) പരന്ന വർണ്ണനകളല്ല ജീവിതയാഥാർത്ഥ്യങ്ങളുടെ സൂക്ഷ്മവിവരണമാണ് രവീന്ദ്രന്റെ യാത്രാനുഭവങ്ങളെ ശ്രദ്ധേയമാക്കുന്നത്. ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) വിവരസാങ്കേതികവിദ്യയും യാത്രാസൗകര്യങ്ങളും വികസിച്ച കാലഘട്ടത്തിൽ യാത്രാവിവരണങ്ങൾ പ്രസക്തമാണോ? സ്വാഭിപ്രായം രേഖപ്പെടുത്തുക.

12. (a) രാമായണകഥയെ സാറാ ജോസഫ് പുനർവായിക്കുന്നതിന്റെ സാമൂഹിക-രാഷ്ട്രീയ പ്രസക്തി വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ഖസാക്കിന്റെ ഇതിഹാസം ദാർശനിക മാനങ്ങളുടെ കൃതിയാണെന്ന് പറയാൻ കാരണമെന്ത്?

**(5 × 6 = 30 Marks)**

III. ഓരോന്നിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) നാടകം അരങ്ങിലെ ഭാഷയാണെന്ന വസ്തുത കുടുക്കയെ മുൻനിർത്തി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) 'ലേബർ റൂമി'ലെ സ്ത്രീപക്ഷ നിലപാടുകൾ ചർച്ച ചെയ്യുക.

gcwcentrallibrary.in

14. (a) ആത്മകഥയും ജീവചരിത്രവും വ്യത്യസ്തമാവുന്നതെങ്ങനെയെന്ന് മലയാളസാഹിത്യത്തിലെ രണ്ടു കൃതികളെ ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) വിപ്ലവകാരികൾ ചെന്നകപ്പെടുന്ന പ്രത്യയശാസ്ത്ര പ്രതിസന്ധികളുടെ ദുരന്തമാണ് 'അന്ധകാരനഴി' - ചർച്ച ചെയ്യുക.

15. (a) മലയാള ചെറുകഥയിലെ ആധുനികാന്തര പ്രവണതകൾ പാഠ്യഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

അല്ലെങ്കിൽ

(b) ദലിത് സമീപനങ്ങൾ മലയാള കഥക്ക് പുതിയ ഭാവുകത്വം നല്കുന്നുണ്ടോ? ചർച്ച ചെയ്യുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in